## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *576** **27/10/2011-ൽ മറുപടിക്ക്.**

## കെട്ടിട നിർമ്മാണ തൊഴിലാളികളുടെ സുരക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, എ.പി. അബ്ദുള്ളക്കുട്ടി | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണ ജോലിക്കിടെ സുരക്ഷാ വീഴ്ചമൂലം തൊഴിലാളികൾ അപകടത്തിൽപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇങ്ങനെ അപകടത്തിൽപ്പെടുന്ന തൊഴിലാളികളുടെ സുരക്ഷയ്ക്ക് എന്തു നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നത്;<br><br>(സി) ഇവർക്ക് ഇപ്രകാരം മരണം സംഭവിച്ചാൽ ജോലിക്കു നിയോഗിക്കുന്ന തൊഴിലുടമകൾക്കെതിരെ നരഹത്യയ്ക്ക് കേസ്സ് എടുക്കാൻ നിർദ്ദേശം നൽകുമോ ? | (ബി & സി) തൊഴിൽ ദാതാവ് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ തൊഴിലാളികൾക്ക് ഉറപ്പ് വരുത്തേണ്ടതാണ്. ഇത്തരം സുരക്ഷാ സംവിധാനങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെയും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലെയും ഉദ്യോഗസ്ഥർ സംയുക്തമായി സ്ക്വാഡ് പരിശോധന നടത്തി ഉറപ്പു വരുത്തുന്നുണ്ട്. മതിയായ സുരക്ഷാ സംവിധാനം ഏർപ്പെടുത്താതെ കെട്ടിട നിർമ്മാണം നടത്തുന്ന ഉടമകൾക്കെതിരെ സ്റ്റോപ്പ് മെമ്മോ നൽകി നിർമ്മാണം തടഞ്ഞ് വയ്ക്കുകയും സുരക്ഷാ ക്രമീകരണങ്ങളുടെ അപര്യാപ്തത മൂലം തൊഴിലാളികൾക്കുണ്ടാകുന്ന അപകടങ്ങൾക്ക് കെട്ടിട |

ഉടമയ്ക്കെതിരെ വർക്ക്മെൻ കോമ്പൻസേഷൻ നിയമപ്രകാരം കേസ് എടുത്ത് നഷ്ടപരിഹാരം ഈടാക്കി തൊഴിലാളികൾക്കോ ആശ്രിതർക്കോ നൽകുന്നു. മരണം സംഭവിക്കുന്ന കേസ്സുകളിൽ തൊഴിലുടമകളുടെ ഉദാസീനത പരിശോധനാ സംഘത്തിന് ബോദ്ധ്യപ്പെട്ടാൽ മനപ്പൂർവ്വമല്ലാത്ത നരഹത്യയ്ക്ക് കേസ്സെടുക്കുന്ന കാര്യം പരിശോധിയ്ക്കുന്നതാണ്.

സെക്ഷൻ ഓഫീസർ